ICPS-3/7793/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 30..03..2016.

<u>സർക്കുലർ</u>

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ വച്ച് പ്രതിമാസ അവലോകനയോഗം - സംബന്ധിച്ച്.

സൂചന:-

ഐ.സി.പി.എസ്. ഒരു ബൃഹത്തായ പദ്ധതിയാണ്. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കുട്ടികളുടെ സംരക്ഷണവും അവകാശ സംരക്ഷണവും ഉറപ്പാക്കി കാര്യക്ഷമമായി പ്രവർത്തിക്കണം. ഇതിലേയ്ക്കായി ഓരോരുത്തരും നടത്തുന്ന പ്രവർത്തനങ്ങൾ ക്രമമായി വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇടയ്ക്കിടയ്ക്കുള്ള വിലയിരുത്തലിലൂടെ പദ്ധതി നടത്തിപ്പിലും പ്രവർത്തനങ്ങളിലും കൈവരിച്ച പുരോഗതി മനസ്സിലാക്കാനും ന്യൂനതകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിച്ച് മുന്നോട്ടു പോകാനും സാധിക്കും. ഈ ആവശ്യം മുൻനിർത്തി എല്ലാ മാസവും ആറാമത്തെ പ്രവൃത്തി ദിവസം ഐ.സി.പി.എസിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തകരെ ഉൾപ്പെടുത്തി ഡി.സി.പി.യുകളിൽ വച്ച് അവലോകന യോഗം കൂടേണ്ടതാണ്.

ഈ പ്രതിമാസാവലോകന യോഗത്തിൽ താഴെപ്പറയുന്നവർ പങ്കെടുക്കണം:-

1. ചൈൽഡ്ലൈൻ കോർഡിനേറ്റർമാർ.
2. ജുവനൈൽ ജസ്റ്റിസ് സ്ഥാപന സൂപ്രണ്ടുമാർ.
3. എസ്.ജെ.പി.യു. ന്റെ പ്രതിനിധി.
4. സി.ഡബ്ല്യു.സിയിലെ അസി. കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ.
5. ജെ.ജെ.ബി. കളിലെ അസി. കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ.
6. എസ്.എ.എ. കളുടെ കോർഡിനേറ്റർമാർ.
7. ഓപ്പൺ ഷെൽട്ടറുകളുടെ കോർഡിനേറ്റർമാർ.
8. ഡി.സി.പി.യു.വിലെ ഉദ്യോഗസ്ഥർ.

ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ അദ്ധ്യക്ഷതയിലാണ് പ്രതിമാസ അവലോകന യോഗം കൂടേണ്ടത്. വ്യക്തമായ അജണ്ടയുടെ അടിസ്ഥാനത്തിലായിരിക്കണം മീറ്റിംഗ് നടത്തേണ്ടത്. ആദ്യമായി, മുൻമാസത്തെ അവലോകന മീറ്റിംഗിന്റെ മിനിറ്റ്സ് വായിച്ച് അതിന്മേൽ സ്വീകരിച്ച നടപടികൾ ഓരോരുത്തരും യോഗത്തിൽ വിശദീകരിക്കേണ്ടതാണ്. തുടർന്ന് അജണ്ട പ്രകാരമുള്ള മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കാം. മീറ്റിംഗിന്റെ മിനിറ്റ്സ് അപ്പപ്പോൾ തന്നെ തയ്യാറാക്കണം.

ഓരോ സ്ഥാപനവും ഏജൻസിയും നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ പ്രതിമാസ പുരോഗതി റിപ്പോർട്ട് അവലോകന യോഗം കൂടുന്നതിന് മുമ്പ് ജില്ലാ ശിശുസംരക്ഷണ ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. പ്രസ്തുത പുരോഗതി റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി വേണം അവലോകനം നടത്തേണ്ടത്. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും എസ്.സി.പി. എസിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലും ഉത്തരവുകളിലും നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ ഫലവത്തായി നടപ്പിലാക്കുന്നതു സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്യണം.

മുൻമാസത്തിൽ നടത്തിയിട്ടുള്ള പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവ ഈ യോഗത്തിൽ അവലോകനം ചെയ്യണം. കൂടാതെ തൻമാസത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ച നടത്തി ജില്ലയിലെ ഐ. സി.പി.എസിന്റെ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കണം.

അവലോകന യോഗം നടത്തേണ്ട 6-ാം പ്രവൃത്തി ദിവസം മറ്റു മീറ്റിംഗുകളോ പരിപാടികളോ വയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും കാരണവശാൽ ആറാം പ്രവൃത്തി ദിവസം അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത ദിവസം യോഗം നടത്തണം.

യോഗത്തിൽ വച്ച് ശേഖരിച്ച പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ഡി.സി.പി.യു.വിൽ നിശ്ചിത ഫാറത്തിൽ ക്രോഡീകരിച്ച് ഓരോ മാസവും 10-ാം പ്രവൃത്തി ദിവസത്തിന് മുമ്പ് എസ്.സി.പി.എസിൽ സമർപ്പിക്കേണ്ടതാണ്.

നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രതിമാസ അവലോകന യോഗം കൃത്യമായി ഡി.സി.പി.ഒ.മാർ നടത്തേണ്ടതാണ്. യോഗത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെയും ഏജൻസികളിലെയും പ്രതിനിധികൾ മുടക്കം കൂടാതെ പങ്കെടുക്കുന്നുവെന്നതും ഡി.സി.പി.ഒ. ഉറപ്പാക്കണം.

ഐ.സി.പി.എസിന്റെ ജില്ലാതല പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രതിമാസ അവലോകന യോഗങ്ങൾക്ക് കഴിയണം.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും.

എല്ലാ ചൈൽഡ് ലൈൻ കോർഡിനേറ്റർമാർക്കും.

എല്ലാ ജെ.ജെ. സ്ഥാപന സൂപ്രണ്ടുമാർക്കും./ എല്ലാ എസ്. ജെ. പി.യു. കൾക്കും.

എല്ലാ എസ്.എ.എ.കൾക്കും/ എല്ലാ ഓപ്പൺ ഷെൽട്ടറുകൾക്കും.

പകർപ്പ് : എല്ലാ ജെ.ജെ.ബികളിലെയും പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും

ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻമാർക്കും.(ആമുഖ കത്ത് സഹിതം)

ഐ.സി.പി.എസ്1, 2, 4, 5, 6 സെക്ഷനുകൾക്ക്/സ്റ്റോക്ക് ഫയൽ.